പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2919. | 18.06.2018-ന് മറുപടിയ്ക്ക് |

## മണലൂർ മണ്ഡലത്തിലെ റോഡിന് വീതികൂട്ടൽ

| ചോദ്യം<br><br>ശ്രീ. മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
|---|---|---|
| (എ) മണലൂർ മണ്ഡലത്തിലെ ചാവക്കാട്-കാഞ്ഞാണി പാതയിൽ എനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള റോഡിന്റെ ഇടുങ്ങിയ ഭാഗം വീതി കൂട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും 2015 -ൽ 130 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും റവന്യു വകുപ്പ് ഭൂമി ഏറ്റെടുത്ത് നൽകാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഇതുവരെ പൂർത്തിയാക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>വിശദാംശങ്ങൾ നൽകുമോ; | (എ) യും (ബി) യും (സി) യും | മണലൂർ മണ്ഡലത്തിലെ ചാവക്കാട്-കാഞ്ഞാണി പാതയിൽ എനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള റോഡിന്റെ ഇടുങ്ങിയ ഭാഗം വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് 2013- ലെ LARR ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിനായി 09/08/2017-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് അർത്ഥന ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് റിക്വിസിഷൻ അതോറിട്ടി സർവ്വേ കല്ലുകൾ സ്ഥാപിക്കുകയോ, അലൈൻമെന്റ് സ്കെച്ച് ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ ജില്ലാ കളക്ടർക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. സർവ്വേ കല്ലുകൾ സ്ഥാപിച്ച് അലൈൻമെന്റ് സ്കെച്ച് ലഭ്യമാക്കുന്ന മുറക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ഭരണവകുപ്പിന് സമർപ്പിക്കുന്നതാണ്. പ്രസ്തുത ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കുന്ന ശിപാർശ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഹൈലെവൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് ഡയറക്റ്റ്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരമോ, LARR Act, 2013 പ്രകാരമോ എന്ന് തീരുമാനിച്ച് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) കാലതാമസം ഒഴിവാക്കുന്നതിനായി ഡയറക്റ്റ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുത്ത് റോഡ് വീതികൂട്ടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | | |
| (സി) വളരെയേറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നതിനാൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ.